പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2514 — 12.03.2018-ൽ മറുപടിക്ക്

## വെട്ടിപ്പൊളിച്ച റോഡുകളുടെ പുനർനിർമ്മാണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ചിറയം ഗോപകുമാർ<br>,, ഇ.കെ.വിജയൻ<br>,, ഇ.ടി. ടൈസൺ മാസ്റ്റർ<br>,, വി.ആർ. സുനിൽകുമാർ | ശ്രീ. ജി. സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) പല പദ്ധതികൾക്കായി ഒരേ റോഡ് തന്നെ പലതവണ കുഴിക്കുന്നതും റോഡ് പണി നടത്തിയതിനുശേഷം വീണ്ടും കുഴിക്കുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) പ്രസ്തുത സ്ഥിതി ആവർത്തിക്കാതിരിക്കുന്നതിനും, വകുപ്പുകൾ തമ്മിലുള്ള ഏകോപനത്തിനും നടപടി സ്വീകരിക്കുമോ ; | (ബി) പ്രസ്തുത സ്ഥിതി ആവർത്തിക്കാതിരിക്കുന്നതിനും, വകുപ്പുകൾ തമ്മിലുള്ള ഏകോപനത്തിനും നടപടി സ്വീകരിച്ചുവരുന്നു. റോഡുകൾ കുഴിച്ച് കേബിളുകൾ, പൈപ്പുകൾ തുടങ്ങിയ യൂട്ടിലിറ്റീസ് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് പാലിക്കേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ 05.01.2018-ലെ സ.ഉ (സാധാ) നം. 30/2018/പൊ.മ.വ പ്രകാരം അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. ഇത് ലംഘിക്കുന്നവരുണ്ട്.<br><br>ദേശീയപാതാ വിഭാഗത്തിൽ കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിന്റെ കത്ത് നം. RW/NH-33044/29/2015 S&R(R) തീയതി 22.11.2016-ലെ നിർദ്ദേശങ്ങൾക്ക് വിധേയമായിട്ടാണ് റോഡുകളിൽ പൈപ്പുകളോ കേബിളുകളോ ഇടുന്നതിനുള്ള അനുമതി നൽകുന്നത്. പ്രസ്തുത സർക്കുലറിൻ പ്രകാരം 5 വർഷത്തേക്കുള്ള ലൈസൻസ് ഫീസും, പെർഫോമൻസ് ഗ്യാരന്റിയും മാത്രമാണ് സ്വീകരിക്കുന്നത്. പ്രസ്തുത സർക്കുലർ പ്രകാരം ടി കക്ഷി അവരുടെ ചെലവിൽ തന്നെ റോഡുകൾ പൂർവ്വസ്ഥിതിയിൽ ആക്കേണ്ടതാണ്. |

(സി) റോഡ് കുഴിക്കുന്ന കോൺട്രാക്ടർമാർ തന്നെ പുനർ നിർമ്മാണം നടത്തണമെന്ന തരത്തിൽ ചട്ടങ്ങൾ രൂപീകരിക്കുമോ ;

(സി) റോഡ് കുഴിക്കുന്ന കോൺട്രാക്ടർമാർ തന്നെ റോഡ് റെസ്റ്റോറേഷൻ പ്രവൃത്തികളും നടത്താവുന്നതാണെന്ന് ടി സർക്കാർ ഉത്തരവിൽ പ്രതിപാദിക്കുന്നുണ്ട്.

(ഡി) റോഡിൽ കേബിൾ ഇട്ടതിനുശേഷം പുനർ നിർമ്മാണത്തിനും, അറ്റകുറ്റപ്പണിക്കും പണം നൽകേണ്ടത് ഐ.ടി.വകുപ്പാണ് എന്ന വ്യവസ്ഥ മാറ്റുന്നതിന് തയ്യാറാകുമോയെന്ന് വ്യക്തമാക്കുമോ ?

(ഡി) അങ്ങനെ ഒരു വ്യവസ്ഥ പൊതുമരാമത്ത് വകുപ്പിൽ ഇല്ല.

സെക്ഷൻ ഓഫീസർ